## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 39 | 11.06.2012 - ലെ മറുപടിക്ക്

### പി. എസ്. സി. യുടെ പുതുക്കിയ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വിവിധ തസ്തികകളുടെ യോഗ്യതാ മാനദണ്ഡത്തിലെ മാറ്റം നിലവിലുള്ള നിയമങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളത് ; | (എ) വിവിധ തസ്തികകളുടെ യോഗ്യതാ മാനദണ്ഡത്തിൽ മാറ്റം വരുത്തികൊണ്ടുള്ള 01.07.2011 - ലെ ജി.ഒ (എം.എസ്.) നം. 21/ 2011/ പി.ആന്റ്.എ.ആർ.ഡി ഉത്തരവ്, 01.07.2011 -ന് ശേഷമുള്ള പി.എസ്.സി. വിജ്ഞാപനങ്ങൾക്ക് മാത്രമേ ബാധകമാകുകയുള്ളൂ എന്ന് 23.11.2011 - ലെ ജി.ഒ. (പി) നം.33/2011/പി.ആന്റ്.എ.ആർ.ഡി ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ യോഗ്യതാമാനദണ്ഡത്തിലെ മാറ്റം നിലവിലുള്ള നിയമങ്ങളെ ബാധിക്കുകയില്ല. |
| (ബി) പുതുക്കിയ സംവിധാനം മൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) യും (സി) യും<br>യോഗ്യതാ മാനദണ്ഡത്തിൽ മാറ്റം വരുത്തിയത് ഉദ്യോഗാർത്ഥികൾക്ക് ആശങ്കക്കിടയാക്കുമെന്ന് സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ